ജി.ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ രൂപരേഖ

259 (3546) ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ രൂപരേഖ തയ്യാറാക്കാനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ആസ്തി വിവരം തയ്യാറാക്കുന്നതിനും കാലാനുസൃതമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) റോഡ് മാപ്പിംഗിനും കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ തയ്യാറാക്കുന്നതിനും സംസ്ഥാനത്ത് യോഗ്യതയുള്ള ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; ഇവയുടെ പുരോഗതി വിശദമാക്കാമോ ; എത്ര ശതമാനം തദ്ദേശ സ്ഥാപനങ്ങൾ ഇവ പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന ധനകമ്മീഷൻ നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നു ; ഇതിന്റെയടിസ്ഥാനത്തിൽ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി 2005-ൽ സർക്കാർ MGP യുടെ ഭാഗമായി ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് സ.ഉ.(എം.എസ്)നമ്പർ 363/2005/തസ്വഭവ നമ്പർ ഉത്തരവ് 2-12-2005-ൽ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയെങ്കിലും ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമാകാത്തതിനെത്തുടർന്ന് അവ

LIBRARY ARCHIVES Kerala Legislative Assembly

ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും ചെയ്തു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ വിവര ശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും, ആയത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ്

260 (3547) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിനുള്ള നടപടി എന്താണ് ;

(ബി) ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെ പേരിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ നല്കിയാൽ അത് തിരുത്തി നല്കുന്നതിന് തടസ്സമുണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരം കേസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly